
# ഹാപ്പി വോയ്സ്

സന്തോഷ ധ്വനി

VOL.24 OCTOBER NO.10

## Almighty God

Lord, You knitted me in my mother's womb
Your love sweeter than honey in honeycomb
You chose me before I was born
You stitch me back, when I am torn
Sometimes I am tasteless & people reject me
But when You add salt, they accept me
As Your loads of blessings shower on me
To fill the debt of thanks, is difficult for me
Great is Thy faithfulness, praise Your name
Great is Thy faithfulness, bless Your name

**By -Prisy Jose, Jaipur (B.Tech student)**


**RN.NO.70681\97. POSTAL.L.NO. G.KCH.118 /2012- 2014**


# Gujarat Brethren News

### രാജ്കോട്ട്

ദൈവഹിതമായാൽ നവംബർ 3,4 തീയതികളിൽ രാജ്കോട്ട് ഐ.പി.മിഷ്യൻ ഓഡിറ്റോറിയത്തിൽ വെച്ച് ക്രിസ്ററ്യൻ ബ്രദറൺ അസംബ്ളിയുടെ ആഭിമുഖ്യത്തിൽ ദ്വിദിന മ്യൂസിക് ഫെസ്റ്റ് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ബ്രദർ. എഡ്വിൻ പോളും ടീമും ഗാനശുശ്രൂഷ നടത്തുന്നതും, വചന ശുശ്രൂഷ ബ്രദർ. സേവ്യർ ആന്റണി-ബറൂച്ച് നടത്തുന്നതുമായിരിക്കും. ദൈവജനങ്ങളുടെ പ്രാർത്ഥന അഭ്യർത്ഥിക്കുന്നു. DAVID.P.ISSAC,P.O.BOX.1 026, BEDIPURA, RAJKOT.360003

### ഡമൻ

വളരെ നാളത്തെ പ്രാർത്ഥനയുടെ ഫലമായി ഇവിടെയുള്ള ദൈവജനത്തിനു കൂടിവരുവാൻവേണ്ടി ഒരു സഭാഹാൾ പണിയുവാൻ കർത്താവ് സഹായിച്ചു. പണിയുടെ 80 ശതമാനവും തീർന്നു. ബാക്കി പണികൾക്കായി 2 ലക്ഷം രൂപ കൂടെ വേണം. ദൈവഹിതമായാൽ നവംബർ 15-ാം തീയതി ഹാളിന്റെ സ്തോത്ര ശുശ്രൂഷ നടത്തുവാനായി തീരുമാനിച്ചിരിക്കുന്നു. ദൈവജനങ്ങൾ പ്രാർത്ഥിക്കയും സഹകരിക്കയും ചെയ്താലും. A.C.SHAJI,CHRISTIAN BRETHREN ASSEMBLY,PO.BOX.21,NANI DAMAN.PO,DAMAN.396210.

### വനോട്ടി

ഈ ഗ്രാമത്തിലെ പ്രവർത്തനങ്ങൾ അനുഗ്രഹകരമായി നടക്കുന്നു. ഞങ്ങൾ 4 സഹോദരൻമാർ ചുററുപാടുമുള്ള ഗ്രാമങ്ങളിൽ തുടർച്ചയായ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. നിരവധി അന്വേഷകരെ ലഭിച്ചുകൊണ്ടിരിക്കുന്നു. ദൈവജനംപ്രാർത്ഥിക്കണമെ.JAYESH.D.MACCWAN,EVANGELIST,VANOTI.PO. KHEDA DT,GUJARAT.

### ജാംനഗർ

സുവിശേഷകൻ.പി.ററി.ജോണിന്റെ പത്നി മേഴ്സി ജോണിനു 2 ആൻജിയോ പ്ളാസ്റ്റി കഴിഞ്ഞ് ഭവനത്തിൽ വിശ്രമിക്കുന്നു. ശാരീരികമായി ഇപ്പോഴും ക്ഷീണാവസ്ഥയിലാണ്. ദൈവജനത്തിന്റെ പ്രാർത്ഥനയും സഹകരണവും അത്യാവശ്യം( സഹോദരന്റെ വിലാസം. P.T.JOHN,MATHRU ASHISHA SOCIETY,BEHIND T.B. HOSPITAL, JAMNAGAR.361008.


PRAY FOR

GUJARAT BRETHREN BIBLE INSTITUTE
HAPPY VOICE MAGAZINE
VILLAGE MINISTRY.


**Edited, Printed, Published & Owned by Simon Payyanur, Plot.No.147,Sector.7, Gandhidham Ph:226951.**
**Printed at Pavanam Offset, Gandhidham. 225125**
**Type Set & Lay Out EBENEZER GRAPHICS. Gandhidham224763.**

VOL.24. *Happy Voice* - സന്തോഷ ധ്വനി 2012 NO.10

പത്രാധിപർ എഴുതുന്നു:-



# മെഗാകൺവെൻഷൻ

മെഗാകൺവെൻഷന്റെ കൗണ്ട് ഡൗൺ തുടങ്ങി കഴിഞ്ഞു. കഴിഞ്ഞ ചില മാസങ്ങളായി ഹാപ്പിവോയ്സിൽ തുടർച്ചയായി വന്നുകൊണ്ടിരുന്ന ഒരു പ്രാർഥ്നാ വിഷയമായിരുന്നു ഗുജറാത്തിലെ തപി ജില്ലയിലെ ഗാൽക്കഡി ഗ്രാമത്തിലെ മൈതാനത്തു വെച്ച് നടക്കുവാൻപോകുന്ന ബ്രദറൺ മെഗാകൺവെൻഷൻ. ഗുജറാത്തുപോലുള്ള ഒരു സംസ്ഥാനത്ത് ആദ്യമായിട്ടാണ് ജാതിമത സഭാവ്യത്യാസമെന്യേ എണ്ണായിരത്തിനും പതിനായിരത്തിനും ഇടയ്ക്കുള്ള ശ്രോതാക്കളെ സംഘടിപ്പിച്ച് ഇത്തരത്തിലുള്ള ഒരു മഹാസംരഭം നടക്കുവാൻപോകുന്നത്. അല്ലെങ്കിൽ വടക്കേയിന്ത്യൻ ബ്രദറൺ സഭകളുടെ ചരിത്ര ത്തിൽ ഇത്രയും വലിയ ഒരു ജനക്കൂട്ടം സംബന്ധിക്കുന്നത് ആദ്യമായിട്ടായിരിക്കും.

ഗുജറാത്ത് ബ്രദറൺ ബൈബിൾ സ്കൂളിന്റെ ഏററവും പരമപ്രധാനമായ ലക്ഷ്യം സുവിശേഷീകരണമാണ്. പഠിക്കുന്ന സഹോദരൻമാരെ വലിയ തിയോളജിയൻ മാരാക്കുന്നതിനെക്കാളപ്പുറമായ പ്രാധാന്യത സുവിശേഷീകരണത്തിനാണ് ഞങ്ങൾ കൊടുക്കുന്നത്. അത് ഒരളവിൽ വിജയിച്ചുകൊണ്ടിരിക്കുന്നുവെന്നതിന്റെ തെളിവാണ് വരുവാൻപോകുന്ന മെഗാ കൺവെൻഷൻ.

നവംബർ 6 മുതൽ 8 വരെ അക്രൈസ്തവർ തിങ്ങിപ്പർക്കുന്ന ഗ്രാമമായ ഗാൽക്കഡിയിലെ വിശാലമായ മൈതാനത്തിലാണ് കൺവെൻഷൻ നടക്കുക. ഓരോ ദിവസത്തെയും രാത്രിയോഗങ്ങളിൽ എണ്ണായിരം മുതൽ പതിനായിരം പേരെയാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്. അതായത് മൂന്നുദിവസത്തെ സുവിശേഷ യോഗങ്ങളിൽ വിവിധ ജാതിമത സഭകളിൽപ്പെട്ട ഇരുപത്തയ്യായിരത്തിനും മുപ്പതിനായിരത്തിനും ഇടയിലുള്ള ജനങ്ങൾ കടന്നു വരും. പതിനായിരം പേർക്കുള്ള ഇരിപ്പിട സൗകര്യമാണ് വിശാലമായ പുൽമൈതാനത്ത് ഒരുക്കുന്നത്.

ഓരോ ദിവസവും രാവിലെ 9 മണി മുതൽ ഉച്ചയ്ക്ക് ഒരു മണിവരെ വിവിധ ദൈവദാസൻമാർ വിവിധ സഭാവിഭാഗങ്ങളിലുള്ള300 ലധികം പേർക്കു വേണ്ടി അടിസ്ഥാന വേദോ പദേശങ്ങളെ ആസ്പദമാക്കി ക്ലാസ്സുകളും എടുക്കും.

ഈ കൺവെൻഷന്റെ പരമ പ്രധാനമായ ലക്ഷ്യം ആത്മാക്കളുടെ രക്ഷ യാണ്. ഒരു വലിയ ആത്മീയ ചലനം ഈ മൂന്നു ദിവസത്തെ യോഗങ്ങളിൽ ഉണ്ടാകുവാൻ ദൈവജനം പ്രാർഥിക്കണം.

ബ്രദർ.ഫിലിപ്പ് കുട്ടി-യാണ് മൂന്നു ദിവസത്തെയും കൺവെൻഷനിലെ മുഖ്യ പ്രാസംഗികൻ. സുവിശേഷീകരണത്തിന് അമിത പ്രാധാന്യം കൊടുക്കുന്ന സഹോദരന്റെ ശുശ്രൂഷ തീർച്ചയായും ഫലവത്താകുംഎന്നു കരുതുന്നു.

➲2



ഒരു ഉദാഹരണം പറയട്ടെ, ചില മാസങ്ങൾക്ക് മുമ്പ് ഈ ഗ്രാമത്തിൽ വെച്ചു നടന്ന ഒരു മീററിംഗിൽ സംബന്ധിക്കുവാൻ ബ്രദർ.ഫിലിപ്പുകുട്ടിയും ഈ ലേഖകനും വേറെ രണ്ടു സുവിശേഷകൻമാരും ഗ്രാമത്തിൽ എത്തിച്ചേർന്നു. രാത്രിയിൽ മറെറാരു ഗ്രാമത്തിലെ സുവിശേഷകന്റെ ഭവനത്തിൽ ഭക്ഷണം ക്രമീകരിച്ചതിനാൽ താമസിക്കുന്ന സ്ഥലത്തു നിന്നും സ്കൂൾ പ്രിൻസിപ്പാളായ ഒരു ഗുജറാത്തി ക്രിസ്ത്യാനിയുടെ കാറിലാണ് ഞങ്ങൾ ആ ഗ്രാമത്തിലേക്കു തിരിച്ചത്. യാത്രാമദ്ധ്യേ ബ്രദർ.ഫിലിപ്പ് കുട്ടി സുവിശേഷം പ്രിൻസിപ്പാളിനോട് പറയുവാൻ തുടങ്ങി. ഇദ്ദേഹം പേരിൽ മാത്രം ക്രിസ്ത്യാനിയാണെന്നും രക്ഷയുടെ അനുഭവം ഉണ്ടായിട്ടില്ലെന്നും സംസാരമദ്ധ്യേ മനസ്സിലായി. ഇദ്ദേഹത്തിന്റെ ഗ്രാമവും ഞങ്ങൾപോകുന്ന ഗ്രാമവും വലിയ ദൂരത്തിലല്ലായിരുന്നതിനാൽ ഈ വ്യക്തിയുടെ ഭവനത്തിൽപോയി സുവിശേഷം പറഞ്ഞ് താമസസ്ഥലത്തു വന്നാൽ മതി എന്നു പറഞ്ഞു. രാത്രി വളരെയായി. ഗ്രാമവാസികൾ നേരത്തെ ഉറങ്ങുന്നവരാണ്. നമുക്കു മറെറാരു ദിവസം കടന്നു വരാം എന്നു ഞാൻ പറഞ്ഞെങ്കിലും ബ്രദർ.ഫിലിപ്പ് കുട്ടിയുടെ നിർബന്ധത്തിനു വഴങ്ങി ഞങ്ങൾ എല്ലാവരും പ്രിസിപ്പാളിന്റെ ഭവനത്തിൽ എത്തിച്ചേർന്നു. വളരെ സന്തോഷത്തോടെ ഞങ്ങളെ അവർ സ്വീകരിച്ചു. എല്ലാവരെയും വിളിച്ചിരുത്തി സുവിശേഷം പറയുവാൻ തുടങ്ങി. കുറച്ചു സമയങ്ങൾ കഴിഞ്ഞപ്പോൾ ഈ വ്യക്തിയും, സഹോദരനും, സഹോദരിയും, മാതാവുംപിതാവും എഴുന്നേററു നിന്നു കർത്താവിനെ രക്ഷിതാവായി ഏററു പറഞ്ഞു. ഇത്രയും എഴുതിയത് ബ്രദർ.ഫിലിപ്പ് കുട്ടിയുടെ സുവിശേഷീകരണത്തിന്റെ കാഴ്ചപ്പാട് പറയുവാനാ യിരുന്നു.

ആത്മാക്കളെകുറിച്ച് ഭാരമുള്ളവരുടെ ശുശ്രൂഷ തികച്ചും അനുഗ്രഹിക്കപ്പെടും ഞങ്ങൾ വിശ്വസിക്കുന്നു. അതിനാലാണ് ബ്രദർ.ഫിലിപ്പ് കുട്ടിയെ ഈ മെഗാ കൺവെൻഷന്റെ മുഖ്യ പ്രസംഗകനായി തീരുമാനിച്ചത്. അനേകർ ജീവനുള്ള ദൈവത്തെ കണ്ടുമുട്ടുവാൻ ബ്രദർ.ഫിലിപ്പ് കുട്ടിയുടെ ശുശ്രൂഷമുഖാന്തരം ഇടയാകാൻ പ്രാർത്ഥിക്കണം.

അസാദ്ധ്യമെന്നുതോന്നുന്ന കാര്യങ്ങളെ സാദ്ധ്യമാക്കി തരുവാൻ കഴിവുള്ള ഒരു ദൈവത്തിൽ ഞങ്ങൾ ശരണപ്പെടുന്നു. ഞങ്ങൾക്ക് പ്രശംസിപ്പാൻ ഒന്നുമില്ല. സുവിശേഷം അറിയിക്കുവാനുള്ള നിർബ്ബന്ധം ഞങ്ങളുടെമേൽ കിടക്കുന്നു. യേശു കർത്താവ് തന്റെ ശിഷ്യൻമാരോടു പറഞ്ഞ ആ കല്പന ചെറിയ നിലയി ലെങ്കിലും ചെയ്യുവാൻ ഞങ്ങൾ ആവോളം ഉത്സാഹിക്കുന്നു.

പ്രിയ വിശ്വാസികളെ, നിങ്ങൾ പ്രാർത്ഥിക്കണം. ഗാന്ധിധാമിൽ നിന്നും 750 കി.മി. ദൂരെയാണ് ഈ ഗ്രാമമെന്നത് പല ക്രമീകരണങ്ങൾക്കും വലിയ പ്രയാസങ്ങൾ ഉണ്ടാക്കുന്നവയാണ്. എളിയവരായ ഞങ്ങളുടെ ഈ സംരംഭം ദൈവനാമമഹത്വത്തിനും ആത്മക്കാളുടെ രക്ഷയ്ക്കും ഈ ഭാഗങ്ങളിലെ പുതിയ നിയമ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളുടെ മുന്നോടിക്കും ഇടയാകുവാൻ ഒരിക്കൽ കൂടി ഏവരുടെയും പ്രാർത്ഥന മെഗാ കൺവെൻഷനുവേണ്ടി അഭ്യർത്ഥിക്കുന്നു.

**(SP)**

# ആമേൻ

**Samson Henry-Kollam**

എബ്രായ ഭാഷയിൽ ഈ പദത്തിന്റെ മലയാള അർത്ഥം അതെ അങ്ങനെയാകട്ടെ, തീർച്ചയായും, നിശ്ചയമായും എന്നൊക്കെയാണ്. മൂല ഭാഷയിൽ ഈ വാക്കിന്റെ അർത്ഥം ഉറച്ചിരിക്ക, നേരെയുള്ളത്, മാററമില്ലാത്തത്, വിശ്വസ്തമായത് എന്നാണ്. ആമേൻ എന്ന വാക്ക് ഒരു കാര്യം ഉറപ്പിച്ചു പറയുന്നതിനും സത്യ പ്രതിജ്ഞയ്ക്കും ഉപയോഗിക്കാറുണ്ട്. പുതിയ നിയമത്തിൽ ഉപയോഗിച്ചിരിക്കുന്ന അവസാനത്തെ വാക്ക് ആമേൻ ആണ്. തിരുവചനത്തിൽ ഈ വാക്കു ഉപയോഗിച്ചിരിക്കുന്ന സന്ദർഭങ്ങളും അതിന്റെ അർത്ഥവും നോക്കാം.

**1. ഉറപ്പായി പറയുന്ന വാക്ക്.** യേശു ക്രിസ്തു തന്റെ ഉപദേശത്തിനിടെ പല പ്രാവശ്യം ആമേൻ ഉപയോഗിച്ചിട്ടുണ്ട്. യോഹ 3:3- യേശു അവനോട് ആമേൻ ആമേൻ ഞാൻ നിങ്ങളോട് പറയുന്നു പുതുതായി ജനിച്ചില്ലായെങ്കിൽ ദൈവരാജ്യം കാൺമാൻ ആർക്കും കഴിയുകയില്ലായെന്നു ഉത്തരം പറഞ്ഞു. യോഹ 3:5- അതിനു യേശു ആമേൻ ആമേൻ ഞാൻ നിന്നോടു പറയുന്നു, വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ലായെങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻ ആർക്കും കഴിയുകയില്ല.യോഹ10:1, ആമേൻ ആമേൻ ഞാൻ നിങ്ങളോടു പറയുന്നു, ആട്ടിൻ തൊഴുത്തിൻ വാതിലിലൂടെ കടക്കാതെ വേറെ വഴിയായി കയറുന്നവൻ കള്ളനും കവർച്ചക്കാരനും ആകുന്നു.യോഹ 10:7- യേശു പിന്നെയും അവരോടു പറഞ്ഞതു, ആമേൻ ആമേൻ ഞാൻ നിങ്ങളോടു പറയുന്നു ആടുകളുടെ വാതിൽ ഞാൻ ആകുന്നു

ആമേൻ എന്ന എബ്രായ വാക്കിനു ഗ്രീക്കിൽ നൈ(nal) എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത്. വെളിപ്പാടു പുസ്തകത്തിൽ ആമേൻ എന്ന എബ്രായ പദവും നൈ എന്ന ഗ്രീക്കു പദവും പരിഭാഷപ്പെടുത്തി ഉവ്വ് എന്ന് ഉപയോഗിച്ചിരിക്കുന്നു. വെളി -1:7-ൽ ഇതാ അവൻ മേഘാരൂഢനായി വരുന്നു. ഏതു കണ്ണും അവനെ കുത്തിത്തുളച്ചവരും അവനെ കാണും. ഭൂമിയിലെ ഗോത്രങ്ങൾ ഒക്കെയും അവനെ ചൊല്ലി വിലപിക്കും ഉവ്വ് ആമേൻ. കർത്താവ് മേഘാരൂഢനായി വരുമെന്നും ആ വരവ് കർത്താവിനെ ക്രൂശിച്ച യഹൂദൻമാർ ഉൾപ്പെട്ടവരും കർത്താവിനെ വിശ്വസിക്കാത്ത ജാതീയ രാഷ്ട്രങ്ങളും കാണുമെന്ന വസ്തുത ഇരട്ട ഉറപ്പോടെ പറയുന്നതാണ് ഉവ്വ്, ആമേൻ എന്ന പദങ്ങൾ.

**2. പ്രത്യാശയുടെ വാക്ക്**(യിരമ്യ 28:6) ആമേൻ യഹോവ അങ്ങനെ ചെയ്യുമാറാകട്ടെ.

**3.ആശിർവാദത്തിന്റെ വാക്ക്**(റോമ 15:33). സമാധാനത്തിന്റെ ദൈവം നിങ്ങളോടു എല്ലാവരോടും കൂടെ ഇരിക്കുമാറാകട്ടെ ആമേൻ. 1 തിമൊ 6:16. അവനു നിത്യബലവും ബഹുമാനവും ഉണ്ടാകട്ടെ ആമേൻ. എബ്രാ 13:25. കൃപ നിങ്ങളോടു എല്ലാവരോടും കൂടെ ഇരിക്കുമാറാകട്ടെ. ആമേൻ.

➲4



**4. സ്തോത്രത്തിന്റെ വാക്ക്.** ,(ഗലാ 1:4,5). കർത്താവായ യേശുക്രിസ്തുവിങ്കൽ നിന്നും നിങ്ങൾക്കു കൃപയും സമാധാനവും ഉണ്ടാകട്ടെ, അവന് എന്നന്നേക്കും മഹത്വം ആമേൻ. (ഫിലി 4:20). നമ്മുടെ ദൈവവും പിതാവുമായവന് എന്നന്നേക്കും മഹത്വം ആമേൻ. 1 തിമൊ 6:15,16, ധന്യനായ ഏകാധിപതിയും രാജാധിരാജാവും കർത്താധി കർത്താവും താൻ മാത്രം അമർത്യതയുള്ളവനും അടുത്തു കൂടാത്ത വെളിച്ചത്തിൽ വസിക്കുന്നവനും മനുഷ്യരാരും കാണാത്തവനും കാൺമാൻ കഴിയാത്തവനുമായവൻ തക്കസമയത്ത് പ്രത്യക്ഷത വരുത്തും. അവനു ബഹുമാനവും നിത്യബലവും ഉണ്ടാകട്ടെ ആമേൻ.വെളിപ്പാട് 1:6. നമ്മെ സ്നേഹിക്കുന്നവനും നമ്മുടെ പാപം പോക്കി തന്റെ രക്തത്താൽ വിടുവിച്ച് തന്റെ പിതാവായ ദൈവത്തിനു നമ്മെ രാജ്യവും പുരോഹിതൻമാരും ആക്കിത്തീർത്തവനുമായവന് എന്നന്നേക്കും മഹത്വവും ബലവും ആമേൻ.വെളിപ്പാട് 19:4. 24 മൂപ്പൻമാരും നാലു ജീവികളും ആമേൻ ഹല്ലേലുയ്യാ എന്നു പറഞ്ഞു സിംഹാസനത്തിലിരിക്കുന്ന ദൈവത്തെ വീണു നമസ്ക്കരിച്ചു.

**5.കർത്താവിനെ ആമേൻ എന്നു വിളിച്ചിരിക്കുന്നു.** വെളിപ്പാട് 3:14. ലവോദിക്യയിലെ സഭയുടെ ദൂതനു എഴുതുക, വിശ്വസതനും സത്യവാനുമായ സാക്ഷിയായി ദൈവസൃഷ്ടിയുടെ ആരംഭമായ ആമേൻ എന്നവൻ അരുളിച്ചെയ്യുന്നു.

**6.ബൈബിളിലെ അവസാനത്തെ വാക്ക്.** വെളി 22:21 . കർത്താവായ യേശുക്രിസ്തുവിന്റെ കൃപ നിങ്ങളല്ലാവരോടും കൂടെ ഇരിക്കുമാറാകട്ടെ ആമേൻ.

**7. ഉടമ്പടിയുടെ വാക്ക്.** ആവർത്തനം 27:15:26. ശില്പിയുടെ കൈപ്പണിയായി യഹോവയ്ശ്ക്ക് അറപ്പായ വല്ല വിഗ്രഹത്തെയും കൊത്തിയോ വാർത്തോ ഉണ്ടാക്കി രഹസ്യത്തിൽ പ്രതിഷ്ഠിക്കുന്നവൻ ശപിക്കപ്പെട്ടവൻ. ജനമെല്ലാം ആമേൻ എന്നു ഉത്തരം പറയേണം. ഈ ന്യായപ്രമാണത്തിലെ വചനങ്ങൾ പ്രമാണമാക്കി അനുസരിച്ചു നടക്കാത്തവൻ ശപിക്കപ്പെട്ടവൻ. ജനമെല്ലാം ആമേൻ എന്നു പറയേണം.1.ദിന 16:36. യിസ്രായേലിൻ ദൈവമായ യഹോവ എന്നും എന്നന്നേക്കും വാഴ്ത്തപ്പെട്ടവൻ. സകലജനവും ആമേൻ എന്നു പറഞ്ഞു യഹോവയെ സ്തുതിച്ചു. നെഹമ്യാ 5:13. ഞാൻ എന്റെ മടി കുടഞ്ഞു ഈ വാഗ്ദാനം നിവർത്തിക്കാത്ത ഏവനെയും അവന്റെ വീട്ടിൽ നിന്നും അവന്റെ സമ്പാദ്യത്തിൽ നിന്നും ദൈവം ഇതുപോലെ കുടഞ്ഞു കളയട്ടെ. ഇങ്ങനെ അവൻ കുടഞ്ഞും ,ഒഴിഞ്ഞും പോകട്ടെ എന്നു പറഞ്ഞു. സർവ്വ സഭയും ആമേൻ എന്നു പറഞ്ഞു യഹോവയെ സ്തുതിച്ചു.

നെഹമ്യ 8:6, എസ്രാ മഹാ ദൈവമായ യഹോവയെ സ്തുതിച്ചു ജനമൊക്കെയും കൈയുയർത്തി ആമേൻ ആമേൻ എന്നു പ്രതിവചനം പറഞ്ഞു വണങ്ങി സാഷ്ടാംഗം വീണു യഹോവയെ നമസ്ക്കരിച്ചു. യിരമ്യ 11:5. ഇന്നുള്ളതുപോലെ നിങ്ങളുടെ പിതാക്കൻമാർക്ക് പാലും തേനും ഒഴുകുന്ന ദേശം കൊടുക്കുമെന്നിങ്ങനെ ഞാൻ അവരോടു ചെയ്ത സത്യം നിവർത്തിക്കേണ്ടതിനു തന്നെ. അതിനു ഞാൻ യഹോവേ എന്നുത്തരം പറഞ്ഞു.

➲9

# പരിശുദ്ധാത്മ സ്നാനവും അഗ്നി സ്നാനവും

P.J.ANTONY-KOZHIKODE

1. യോഹന്നാൻ സ്നാപകൻ ആത്മ സ്നാനവും അഗ്നി സ്നാനവും യേശു ചെയ്യുമെന്ന് പ്രഖ്യാപിച്ചു.മത്താ 3:11, ലൂക്കൊ 3:16. എന്നാൽ മററു രണ്ടു സുവിശേഷകൻമാരും. അപ്പോസ്തല പ്രവൃത്തിയിലും ആത്മ സ്നാനത്തെക്കുറിച്ചു മാത്രം പറഞ്ഞിരിക്കുന്നു. മർക്കോ 1:6, അ.പ്ര 1:5,11:16.

2. അ.പ്ര. 1:5-ൽ പറഞ്ഞ കർത്താവിന്റെ വാഗ്ദത്തം പെന്തക്കോസ്തു നാളിൽ സഭയുടെ അടിസ്ഥാന കല്ലുകളായ അഥവാ ആദ്യരൂപമായ 12 അപ്പോസ്തലൻമാർക്ക് ലഭിക്കുവാൻ പോകുന്ന പരിശുദ്ധാത്മ സനാനത്തെകുറിച്ചായിരുന്നു. കൊർന്നല്യോസിന്റെ ഭവനത്തിൽ കൂടിയിരുന്ന ജാതികൾക്കും ആത്മ സ്നാനത്തിന്റെ അനുഭവം ഉണ്ടായപ്പോഴും(അ.പ്ര.11:16) ഉദ്ധരിച്ചുകൊണ്ട് പത്രോസ് പ്രസംഗിച്ചു. ഈ രണ്ടു ശ്രോതാക്കളും വിശ്വാസികൾ ആയിരുന്നതിനാൽ അഗ്നി സ്നാനത്തെക്കുറിച്ച് പറഞ്ഞിട്ടില്ല. അഗ്നി സ്നാനം വിശ്വാസികൾക്ക് ഉള്ളതായിരുന്നുവെങ്കിൽ യോഹന്നാൻ സ്നാപകൻ പറഞ്ഞതുപോലെ നിങ്ങൾക്ക് പരിശുദ്ധാത്മാവിലും അഗ്നിയിലും എന്നു പറയാമായിരുന്നു.

3. 1 കൊ 12:13. വിശ്വാസികൾ എല്ലാവരും യഹൂദൻമാരോ യവനൻമാരോ ദാസൻമാരോ സ്വതന്ത്രൻമാരോ എല്ലാവരും ഒരേ ശരീരമാകുമാറ് ഒരേ ആത്മാവിൽ സ്നാനം ഏററു എന്നല്ലാതെ ഒരേ ആത്മാവിലും തീയിലും സ്നാനം ഏററു എന്നു പറഞ്ഞിട്ടില്ല.

4. പരിശുദ്ധാത്മ സ്നാനത്തെക്കുറിച്ചാണ് പരിശുദ്ധാത്മസ്നാനവും അഗ്നിസ്നാനവുമെന്ന് മത്താ 3:11, ലൂക്കൊ 3:16 ലുംപറഞ്ഞത് എങ്കിൽ ഏതെങ്കിലും ഒരു വാക്ക് അഥവാ ആത്മസ്നാനം അഗ്നിസ്നാനം എന്നു പറഞ്ഞാൽ മതിയാകുമായിരുന്നു.

5. രണ്ടു സ്നാനവും വിശ്വാസികൾക്കുള്ളതാണെങ്കിൽ “നിങ്ങളെ” എന്നു സംബോധനചെയ്യപ്പെട്ടവരായ ചുങ്കക്കാരും പടജ്ജനവും പരീശൻമാരും സദൂക്യരും കർത്താവിന്റെ ശിഷ്യൻമാരും വ്യത്യാസമില്ലാതെ കർത്താവിൽ വിശ്വസിച്ച് രക്ഷിക്കപ്പെട്ട വിശ്വാസികൾ ആകേണ്ടിയിരുന്നു. എന്നാൽ അവരിൽ ഭൂരിപക്ഷവും കർത്താവിൽ വിശ്വസിച്ചില്ലായെന്നുരേഖപ്പെടുത്തിയിരിക്കുന്നു. ലൂക്കോ 7:30. അതിനാൽ വിശ്വസിച്ച ചെറിയ കൂട്ടത്തിന് ആത്മസ്നാനവും മററുള്ളവർക്ക് അഗ്നി സ്നാനം അഥവാ തീനരകവും ലഭിക്കും. ധനവാൻ മരിച്ചയുടനെ തീ നരകത്തിൽപോയി. ലൂക്കൊ 16:34.അധർമ്മം പ്രവർത്തിക്കുന്നവർ തീച്ചുളയൽ ഇടപ്പെടും, മത്താ 14:41, 42. ദുഷ്ടൻമാർ തീച്ചൂളയിൽ ഇടപ്പെടും.മത്താ 13:49. ജീവപുസ്തകത്തിൽ പേരെഴുതികാണാത്ത ഏവനെയും തീപ്പൊയ്കയിൽ തള്ളിയിടും. വെളി 20:15. തീകൊണ്ട് ഉപ്പിടപ്പെടും. മർക്കൊ 9:49.

➲11



# അഥേനർ

THOMAS ITTY

ഇവർ എങ്ങനെയുള്ളവരാണെന്ന് അ.പ്ര.17:21 ൽ കാണാം. അഥേനക്കാർ വല്ല പുതുമയും പറയുകയോ കേൾക്കയോ ചെയ്യുന്നതിൽ തത്പരരാണ്. ഇന്നത്തെ ബ്രദറൺ സമൂഹവും അത്തരക്കാരുടെ കൂട്ടമല്ലേ. നമ്മുടെ കൺവെൻഷൻ വേദികൾതന്നെ നോക്കുക. പ്രധാന പ്രസംഗകർ മിക്കവരും എല്ലാവർഷവും പലയിടത്തും വേദി പങ്കിടുകയാണ്. ഇവർ പുതുതായി രംഗപ്രവേശം ചെയ്തപ്പോൾ ക്രൂശിന്റെ വചനം പ്രസംഗിച്ചവരായിരിക്കും. അതുതന്നെ എപ്പോഴും പ്രസംഗിച്ചുകൊണ്ടു നടന്നാൽ അംഗീകാരം പൊയ്പ്പോകും. ഒരു ദൂതെങ്കിലും തെളിഞ്ഞ സുവിശേഷം ക്രൂശുമൂലമുള്ള വീണ്ടെടുപ്പായിരിക്കണം. ബ്രദറൺകാരുടെ യോഗങ്ങളിൽ മററുകൂട്ടർ ഇന്നു തീരെ വരാറില്ല. അവരുമായി ജീവിതരീതികളിൽ ഇവർക്കിന്നു വ്യത്യാസമില്ലല്ലോ. അവരുടെ ഉപദേശം അനുസരിക്കുന്നവർക്ക് സമുദായങ്ങളിൽ സ്ഥാനവുമില്ല. പിന്നെ എന്തിനു വരണം. വേർപാടോ സാക്ഷ്യമോ ഇല്ലാത്ത വേർപാടുകാർക്ക് അവർ താക്കീതു നൽകുകയേ ഉള്ളൂ. ആഴമായ വചനസത്യങ്ങൾ പലപ്പോഴും കേൾക്കാനുമില്ല. വിശ്വസിച്ചിട്ടു അതാതു കൂട്ടങ്ങളിൽ നിന്നാൽ മതി എന്നു പ്രസംഗിക്കുന്ന വരുമുണ്ടല്ലോ. അവർ വരാത്തതിന് ഇങ്ങനെ പല കാരണങ്ങളുണ്ട്. പിന്നെ കൂടിവരുന്ന ബ്രദറൺകാരിൽ അഞ്ചോ ആറോ വയസ്സിൽമേലുള്ള സ്നാനപ്പെട്ടു കൂട്ടായ്മയിലുള്ളവരാണ്. ക്രൂശിന്റെ വചനം പിന്നെയും പറഞ്ഞാൽ ആർക്കു രസിക്കും. അതുകൊണ്ട് പുതിയ പുതിയ വിഷയങ്ങൾ പറഞ്ഞ് ഇഷ്ടരാകയാണ്. കേൾവിക്കാർക്കും അതാണ് രസം. കേട്ടിട്ടില്ലാത്ത ചില ഫലിത കഥകൾ, ശാസ ്ത്രം, സാഹിത്യം, സാങ്കേതികം, ഹാസ്യം,തിയോളജി എന്നിവയിലേക്കു തിരിയും. ഇടയ്ക്കിടെ കേൾവിക്കാരുടെ ശബ്ദമടക്കിയുള്ള ചിരി, സന്തോഷപ്രകടനം ഇവയൊക്കെയായാൽ പ്രസംഗം കേമമായി. (അങ്ങനെയല്ലാത്ത പ്രസംഗകർ ക്ഷമിക്കണം). യുവതലമുറകളുടെ പ്രവർത്തനങ്ങളെയും സംഘടനാവേദിയിൽ പന്തലിൽ കണ്ടതിനെയും ഒക്കെയൊന്നു പുകഴ്ത്താതിരുന്നാൽ പ്രസംഗകരുടെ ഭാവിതന്നെ ഇരുളടഞ്ഞുപോകും. പ്രസംഗകരുടെ കിടമത്സരങ്ങൾക്ക് ഇതുപോലെ പററിയ വേദിയുണ്ടോ. ആകെ കൂടി അഥേനക്കാർ എന്നപേര് ഇന്നത്തെ ബ്രദറൺകാർക്ക് ചേരും. പുതിയ പുതിയ കർമ്മപരിപാടികളിലൂടെ ദൈവഹിതം നിറവേററുന്നുണ്ടോ എന്നു ചിന്തിക്കണം.

> പറയേണ്ടത് യഥാസമയം പറയാൻ സാഹിത്യകാരന് ബാദ്ധ്യതയുണ്ട്. സമൂഹത്തെ ക്രിയാത്മകതയിലേക്കും മാററത്തിലേക്കും നയിക്കാൻ സാഹിത്യകാരനു കഴിയും. അഥവാ സമൂഹത്തിന്റെ പ്രവാചകനാണ് സാഹിത്യകാരൻ
>
> \- വി.വിശ്വനാഥമേനോൻ

# ദൈവസഭഃ അതിനു യേശുവിന്റെ നാമം മാത്രം മതിയായത്

തുടർച്ച

C.H.MACKINTOSH

പരിഭാഷ-പി.ഡി.ചാക്കോ- കുറുമാത്തൂർ

**ചി**ലർ ഇങ്ങനെ ചോദിച്ചേക്കാം, ദൈവസഭയിൽ ദൈവം അധികാരപ്പെടുത്തി അയക്കാത്ത ചിലർ നുഴഞ്ഞു കയറി വന്ന് അവരുടെ ശുശ്രൂഷകൾ ചെയ്യുന്ന അപകട സ്ഥിതി ഉണ്ടാകാറില്ലേ. അത്തരം സന്ദർഭങ്ങളിൽ ആ സഭയ്ക്ക് മാനുഷികാധികാരത്താൽ നിയമിക്കപ്പെടുന്ന പട്ടത്വ സഭകളുടേതിൽ നിന്ന് എവിടെയാണ് വ്യത്യാസം. തീർച്ചയായും അത്തരം അപകട സ്ഥിതി ഉണ്ടെന്ന് ഞങ്ങൾ പറയട്ടെ. അതേ സമയം, ആ സ്ഥിതി വിശേഷം അവർ അവലംബിച്ചിരിക്കുന്ന ഉപദേശത്തിനു വിരുദ്ധമായി അതിനെ അപമാനിക്കും വിധം വന്നു ഭവിക്കുന്നതാകണം. ഒരിക്കലും അത് ആ ഉപദേശത്തിന്റെ അടി സ്ഥാനത്തിൽ വന്നതല്ല. ഇവിടെയാണ് വ്യത്യാസം. അതേ, തീർച്ചയായും, ഇത്തര ത്തിലുള്ള അപമാനകരമായ അബദ്ധങ്ങളും വീഴ്ചകളും ഞങ്ങൾ കണ്ടിട്ടുണ്ട്.

ദൈവസഭയുടെ ഉപദേശ സത്യങ്ങൾക്കുവേണ്ടി വാദിക്കുമ്പോൾ തന്നെ അതിന്റെ പ്രമാണങ്ങളെ അപകടപ്പെടുത്തുകയും പരീക്ഷിക്കയും ചെയ്യുന്ന വിധത്തിൽ ഉപയോഗിച്ചിട്ടുള്ള ചില അനുഭവങ്ങൾ ഉണ്ടായിട്ടുണ്ട് എന്ന കാര്യത്തെക്കുറിച്ച് ഞങ്ങൾക്കറിവില്ലാതിരിക്കുന്നുവെന്നോ ഞങ്ങളത് മറന്നുപോയിരിക്കുന്നുവെന്നോ ആരും കരുതരുത്. ഒരിക്കലും അങ്ങനെയല്ല. ഈ ഉപദേശം അപകടമില്ലാതെ കാത്തു സൂക്ഷിക്കുന്നതിലുള്ള പ്രയാസങ്ങളെക്കുറിച്ച് വേദനയോടെ ബോധവാൻമാരാകാതെ ഇരുപത്തെട്ടു വർഷം ആ നിലയിൽ ഉറച്ചു നില്ക്കുവാൻ ആർക്കും കഴിയുന്നതല്ല. എന്നാൽ പരിശോധനകളും അപകടങ്ങളും പ്രയാസങ്ങളും എല്ലാം അതിനു തെളിവായി നില്ക്കുന്നതാണ്. വേദനയേറിയവ തന്നെ, അതേ സമയം അവ സത്യത്തിൽ ഉറച്ചു നില്ക്കുന്നുവെന്നതിന്റെ തെളിവുകളായിരിക്കുന്നു. മാനുഷികമായ അധികാര സ്ഥാനങ്ങളിലേക്കു തിരിയുക എന്നതല്ലാതെ അവയ്ക്ക് മററു പരിഹാരമാർഗ്ഗങ്ങൾ ഒന്നുമില്ലായിരുന്നുവെങ്കിൽ- ക്രിസ്തുവിന്റെ സ്ഥാനത്ത് മനുഷ്യനെ അവരോധിക്കുന്ന ലോകപ്രകാരമുള്ള പട്ടത്വമാർഗ്ഗത്തിലേക്കു തിരിയുക, അതു രോഗത്തേക്കാൾ വഷളായ നിലയിലുള്ള ഒരു പരിഹാരമാർഗ്ഗമായി ഞങ്ങൾ സംശയലേശമെന്യേ നിർദ്ദേശിക്കണമായിരുന്നു. ഈ പരിഹാരമാർഗ്ഗം ഞങ്ങൾ സ്വീകരിക്കണമെങ്കിൽ ഞങ്ങളിലും ഈ രോഗ ലക്ഷണങ്ങൾ രൂക്ഷമായി കാണപ്പെടണമായിരുന്നു, രോഗത്തെക്കുറിച്ച് കരഞ്ഞു വിലപിക്കാനല്ല, ഇത്തരം ഒരു വ്യവസ്ഥയുടെ ഫലങ്ങൾ എന്ന നിലയിൽ പ്രശംസിക്കുവാൻ.

എന്നാൽ ഇതിന് ഒരു പരിഹാരമുണ്ട് എന്നതോർത്ത് ദൈവത്തെ സ്തുതിക്കുന്നു, എന്താണ് ആ പരിഹാരം. ഞാൻ അവരുടെ നടുവിൽ ഉണ്ട്. അതു മതിയാകും. ഒരു പോപ്പ്, ഒരു പുരോഹിതൻ,ഒരു അദ്ധ്യക്ഷൻ

➲8



അവരുടെ നടുവിൽ ഉണ്ട് എന്നല്ല, അവരുടെ തലപ്പത്ത് അല്ലെങ്കിൽ അദ്ധ്യക്ഷ സ്ഥാനത്ത് അല്ലെങ്കിൽ പ്രസംഗപീഠത്തിൽ ഉണ്ട് എന്നുമല്ല. പുതിയനിയമം ആദിയോടന്തം പരിശോധിച്ചാലും അങ്ങനെ ഒരു ആശയം കാണുവാൻ സാധിക്കയില്ല. ഏററവും സങ്കടകരമായ ആശയക്കുഴപ്പങ്ങളും പ്രശ്നങ്ങളും ഉണ്ടായിരുന്ന കൊരിന്തു സഭയിൽപോലും ഒരു മാനുഷിക അദ്ധ്യക്ഷനെ അല്ലെങ്കിൽ അതിനു പകരം അറിയപ്പെടുന്ന എതെങ്കിലും ഒരു അധികാരസ്ഥനെ നിയമിച്ചാക്കണമെന്ന്(ഒരു സൂചനപോലും) പരിശുദ്ധാത്മ നിയോഗത്താൽ അവരെ പ്രബോധിപ്പിച്ച അപ്പോസ്തലൻ ഒരിക്കലും നിർദ്ദേശിച്ചില്ല. വിശുദ്ധൻമാരുടെ സർവ്വ സഭകളിലും എന്നപോലെ ദൈവം സമാധാനത്തിന്റെ ദൈവമത്രെ.(1 കൊരി 14:33). വിശുദ്ധൻമാരുടെ സർവ്വ സഭകളിലും എന്നപോലെ എന്ന വിശേഷണം 34-ാം വാക്യത്തോടു ചേർന്നു മലയാളം ബൈബിളിൽ കാണുന്നുവെങ്കിലും ഇത് 33-ാം വാക്യത്തോടു ചേർന്നാണ് KJV,NKJV,JND പരിഭാഷകളിൽ.”For God is not of disorder, but of peace, as in all the assemblies of the saints” അവിടെ എല്ലാം ക്രമമായി ചെയ്യുവാൻ ദൈവം ഉണ്ടായിരുന്നു. അവർ ഒരു മനുഷ്യനിലേക്കോ മാനുഷിക അധികാര സ്ഥാനത്തേക്കോ അല്ല ദൈവത്തിങ്കലേക്കായിരുന്നു നോക്കേ ണ്ടിയിരുന്നത്. ദൈവത്തിന്റെ സഭയിൽ എല്ലാം നിയന്ത്രിക്കുവാൻ ഒരു മനുഷ്യനെ നിയമിച്ചാക്കുന്നത് അവനിലുള്ള കടുത്ത അവിശ്വാസത്തിന്റെ ഫലമായിട്ടാണ്. അത് ദൈവിക സാന്നിദ്ധ്യത്തെ പരസ്യമായി അവഹേളിക്കുന്ന ഒരു നടപടി യുമാണ്.

സഭാകൂടിവരവുകളിൽ ദൈവമാണ് അദ്ധ്യക്ഷൻ എന്ന ആശയത്തിന് ഉപോൽബലമായ തിരുവെഴുത്തുകൾ ഉദ്ധരിക്കുവാൻ പലപ്പോഴും ഞങ്ങളോട് ആവശ്യപ്പെടാറുണ്ട്. ഞങ്ങൾ അതിനു ചൂണ്ടികാണിക്കുന്ന വേദഭാഗങ്ങൾ, ഞാൻ അവരുടെ നടുവിൽ ഉണ്ട്, ദൈവം സമാധാനത്തിന്റെ ദൈവം എന്നിവയാണ്. മററു വാക്യങ്ങളുടെ തെളിവ് ആവശ്യമില്ലാതവണ്ണം ഈ രണ്ടു തൂണുകളിൻമേൽ നമുക്ക് ദൈവസഭായോഗങ്ങളിലെല്ലാം ദൈവം തന്നെ അദ്ധ്യക്ഷൻ എന്ന മഹത്തായ വചനസത്യം വിജയകരമായി പണിയുവാൻ നമുക്കു കഴിയും. ഈ വചനസത്യം ദൈവത്തിൽ നിന്നും പ്രാപിച്ച് അതു ഗ്രഹിച്ചു മുറുകെ പിടിക്കുന്ന സകലരും, തീർച്ചയായും, മനുഷ്യ നിർമ്മിതമായ സകല മതസംഘടനകളിൽ നിന്നും(അവ ഏതെല്ലാം പേരുകളിൽ അറിയപ്പെടുന്നുവെങ്കിലും, അവയിൽ നിന്നെല്ലാം) വിടുവിക്കപ്പെടും. അവിടെയെല്ലാം ക്രിസ്തുവിനെ തങ്ങളുടെ സഭയിലെ അദ്ധ്യക്ഷനും ശ്രദ്ധാകേന്ദ്രവും സകലവും നിയന്ത്രിക്കുന്നവനുമായി അംഗീകരിച്ചു സ്വീകരിക്കാതെ മനുഷ്യനെ ഈ കാര്യങ്ങൾ ചെയ്യുവാൻ നിയമിച്ചിരിക്കുന്ന ഒരു സ്ഥിതിവിശേഷമാണ് കാണാൻ കഴിയുന്നത്. ഒരിക്കൽ ക്രിസ്തുവിന്റെ നിയന്ത്രണത്തിനു വിധേയപ്പെട്ട് കൂടിവരവിൽ സംബന്ധിച്ച് അതിന്റെ മാധുര്യം ആസ്വദിച്ചു കഴിഞ്ഞാൽ പിന്നീടൊരിക്കലും മനുഷ്യനിയന്ത്രിത അടിമത്തത്തിൻ കീഴിൽ (അയ്മേനികളായി) തുടരുവാൻ സാധിക്കുകയില്ല. ഇനനെ ചെയ്യുന്നത് ഒരിക്കലും അധികാരങ്ങളോടുള്ള അനുസരണക്കേടോ അസഹിഷ്ണതയോ അല്ല,

➲9

**ആമേൻ...തുടർച്ച**

**8.പ്രാർത്ഥനയുടെ അവസാനം ഉപയോഗിക്കുന്ന വാക്ക്-**

1 കൊരി 14:16- അല്ല.നീ ആത്മാവുകൊണ്ട് സ്തോത്രം ചൊല്ലിയാൽ ആത്മവരം ഇല്ലാത്തവർ നീ പറയുന്നത് തിരിയാതിരിക്കെ നിന്റെ സ്തോത്രത്തിന് എങ്ങനെ ആമേൻ പറയും.

സങ്കീ.41:13- യിസ്രായേലിന്റെ ദൈവമായ യഹോവ എന്നും എന്നേക്കും വാഴ്ത്തപ്പെടുമാറാകട്ടെ. ആമേൻ, ആമേൻ.

സങ്കീ.72:19- അവന്റെ മഹത്വമുള്ള നാമം എന്നേക്കും വാഴ്ത്തപ്പെടുമാറാകട്ടെ. ഭൂമി മുഴുവനും അവന്റെ മഹത്വംകൊണ്ടു നിറയുമാറാകട്ടെ. ആമേൻ, ആമേൻ.

സങ്കീ. 89:52- യഹോവ എന്നന്നേക്കും വാഴ്ത്തപ്പെടുമാറാകട്ടെ. ആമേൻ ആമേൻ.

**9. ദൈവീക വാഗ്ദത്തങ്ങൾ ആമേൻ ആമേൻ.** ദൈവത്തിന്റെ വാഗ്ദത്തങ്ങൾ സത്യമായതും ഉറപ്പായതും മാററമില്ലാത്തതുമാണ് എന്നർത്ഥത്തിൽ ആമേൻ എന്ന പദം ഉപയോഗിച്ചിട്ടുണ്ട്.

2.കൊരി 1:20.- ദൈവത്തിന്റെ വാഗ്ദത്തങ്ങൾ എത്രയുണ്ടെങ്കിലും അവനിൽ ഉണ്ട് എന്നത്രെ. അതുകൊണ്ട് ഞങ്ങളാൽ ദൈവത്തിനു മഹത്വം ഉണ്ടാകുമാറു അവനിൽ ആമേൻ എന്നും തന്നെ.

## പഴമൊഴി

- കൊച്ചു വീട്ടിൽ ഈശ്വരനിരിക്കാൻ ഇടമുണ്ട്. വലിയ വീട്ടിൽ വിശാലമായ ശാലയിലെങ്ങാനും നില്ക്കാനേ പററൂ.
- ദൈവത്തെ ഭയപ്പെടുമ്പോൾ എല്ലാ ഭയങ്ങളും മാറിപ്പോകും. ദൈവത്തെ ഭയപ്പെടാത്തവനെ ഭയപ്പെടുക.

എവിടെയും ആരാധിക്കാം എന്ന ഒരു ഉപദേശം വളരെ തന്ത്രപരമായ നിലയിൽ നമ്മുടെ സഭകളിൽ നുഴഞ്ഞു കയറുന്നുണ്ട്. ഈ ഉപദേശത്തിന്റെ പുറകിലുള്ളവർ യുവാക്കൻമാരെ ലക്ഷ്യമിട്ടാണ് പ്രവർത്തിക്കുന്നത്. സഭകളെ നയിക്കുന്നവർ ഇവരെ സൂക്ഷിക്കുക. (SP)

**സഭ...തുടർച്ച**

വ്യാജാധികാരികളുടെ മുമ്പിൽ വണങ്ങുകയില്ലായെന്ന ഉറച്ച തീരുമാനത്തിന്റെ പ്രതിഫലനമാണ്, ദൈവത്തിന്റെ അധികാരം കവർന്നെടുത്തു സ്ഥാപിച്ചിരിക്കുന്ന പാപകരമായ മനുഷ്യാധികാരത്തെ അംഗീകരിക്കുവാൻ സാദ്ധ്യമല്ല എന്ന തീരുമാനത്തിന്റെ പ്രായോഗിക നടപടി. ദൈവസഭ എന്നു സ്വയം അവകാശപ്പെട്ടിട്ടുള്ള ഒരു സ്ഥാനത്ത് മനുഷ്യൻ ദൈവത്തിന്റെ അധികാരം കവർന്നെടുത്തു നിലകൊള്ളുന്നതു കാണുന്ന അതേ നിമിഷം ഞങ്ങൾ ചോദിക്കുന്നു, നിങ്ങൾ ആരാണ്. തുടർന്ന് പൂർണ്ണമായും ദൈവത്തിന്റെ അധികാരത്തിനു മാത്രം കീഴ്പ്പെട്ടിരിക്കുന്ന ഒരു സ്ഥലത്തേക്കു മാറിപ്പോകുന്നു. (തുടരും)



## PRAY...PRAY...PRAY

# MEGA CONVENTION

Place: Galkadi Village-Tapi district

Date: 6,7,8 November 2012.

Organised by:

Gujarat Brethren Bible Institute

# Out Reach work

## Gujarat Brethren Bible Institute

(11th batch)

Place: Punjab

Date: 1st to 10th December 2012

# FAMILY CONFERENCE

Place: Vanoti village-Kheda (Dt) Gujarat

(for unbelievers)

Date: 17,18 December 2012.

Organised by:

Gujarat Brethren Bible Institute

**സുവിശേഷത്തിൽ ഒരു പങ്കാളിയാകേണ്ടതിനു ഞാൻ സകലവും സുവിശേഷം നിമിത്തം ചെയ്യുന്നു.(പൗലൂസ്)**

## പ്രസിദ്ധീകരിച്ചു

### "ഏലിശ അനേ ചമത്ക്കാരോ"

ബ്രദർ.സൈമൺ പയ്യന്നൂർ 1992-ൽ എഴുതിയ ഏലിശയും.. അത്ഭുതങ്ങളും എന്ന മലയാള ഗ്രന്ഥത്തിന്റെ ഗുജറാത്തി പരിഭാഷ "ഏലിശ അനേ ചമത്ക്കാരോ" എന്ന ഗുജറാത്തി ഗ്രന്ഥം ഗുജറാത്ത് ബ്രദറൺ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ചു.

ഗുജറാത്തിഭാഷയിലെ രണ്ടാമത്തെ ബ്രദറൺ ഗ്രന്ഥമാണിത്. ഈ പുസ്തകം ദൈവനാമ മഹത്വത്തിനിടയാകാനും അനേകർക്ക് പ്രയോജനപ്രദമാകാനും പ്രാർത്ഥിച്ചാലും.

നിറയുന്ന കണ്ണുകളാണ് ഇന്ന് സ്ഥലം സഭകളുടെ ഏററവും വലിയ ആവശ്യം. നേതാക്കൻമാരെയല്ല മറിച്ചു അദ്ധ്വാനിക്കുവാൻ സൻമനസ്സുള്ള ദാസൻമാരെയാണ് ഇന്നു സഭക്ക്ാവശ്യം. ഇന്നു വളരേണ്ടതു സംഘടനകളല്ല മറിച്ചു സ്ഥലം സഭകളാണ്. എങ്കിൽ മാത്രമെ സഭയുടെ അതിരുകൾ വിസ്തൃതമാകയുള്ളു.

(എ.ജി.ജോർജ്- കാക്കനാട്.കൊച്ചി)

**പരിശുദ്ധാത്മ സ്നാവും അഗ്നിസ്നാനവും, തുടർച്ച...**

6.പരിശുദ്ധാത്മാവുകൊണ്ടും തീകൊണ്ടും എന്ന രണ്ടു വാക്ക് അടുത്തടുത്ത് പറഞ്ഞിരിക്കുന്നതുകൊണ്ട് ഒരേ സമയത്ത് സംഭവിക്കണമെന്നില്ല. ഇവ തമ്മിൽ അനേക വർഷത്തെ അകലം ഉണ്ടാകാം.യെശ 61:2-ൽ പ്രസാദവർഷവും പ്രതികാര ദിവസവും എന്ന രണ്ടുവാക്കിനിടയിൽ 2000 വർഷത്തെ കാലം കഴിഞ്ഞു. ലൂക്കൊ 4:19-ൽ അടച്ച പുസ്തകം ഇതുവരെ തുറന്നിട്ടില്ല. മത്താ 24:3-ൽ ശിഷ്യൻമാർ ചോദിച്ച മൂന്നു കാര്യങ്ങൾക്കിടയിൽ(ദൈവാലയ നാശം, കർത്താവിന്റെ വീണ്ടും വരവ്, ലോകാവസാനം) അനേക വർഷങ്ങളുടെ വിടവുള്ളതായി കാണാം. അതുകൊണ്ട് പരിശുദ്ധാത്മ സ്നാനത്തിനും അഗ്നിസ്നാനത്തിനുമിടയിൽ അനേക വർഷത്തെ വിടവുണ്ടെന്ന് വിശ്വസിക്കുന്നത് യുക്തി യുക്തമാണ്.

7. 1 പത്രൊ 4:12-ൽ വിശുദ്ധൻമാരുടെ കഠിന ശോധന അഗ്നി സ്നാനമായി പറഞ്ഞിട്ടില്ല. 1 കൊ 3:12-15 തീയിൽ കൂടെ എന്നപോലെ പ്രവൃത്തികൾ ശോധന ചെയ്യും എന്നു പറയുന്നതും അഗ്നി സ്നാനമല്ല. രണ്ടും അലങ്കാര പ്രയോഗങ്ങളാണ്. എന്നാൽ പരിശുദ്ധാത്മ സ്നാനവും അഗ്നിസ്നാനവും അലങ്കാര പ്രയോഗങ്ങളല്ല. വ്യക്തവും,യുക്തിയുക്തവും, ബൈബിളിലെ പൊതു ചിന്താഗതിയും അടിസ്ഥാന ഉപദേശങ്ങൾക്കു നിരക്കുന്നതും ആത്മാവിനാലുള്ള സ്നാനം വിശ്വാസികൾക്കു മാത്രമുള്ളതും അഗ്നി സ്നാനം പാപികൾക്കുള്ള തീ നരകവും ആണ് എന്നതാണ്.



## ഗാനക്വിസ്. 148

ആർക്കും പങ്കെടുക്കാം. താഴെ എഴുതിയിരിക്കുന്ന ഗാനത്തിന്റെ തുടക്കം ഏത്? ഗാനരചയിതാവ് ആര്? ഗാനം ആത്മീയ ഗീതത്തിലുള്ളതാണ്. ഉത്തരങ്ങൾ ഒക്ടോബർ 28 നു മുമ്പ് എഡിററുടെ വിലാസത്തിൽ അയക്കുക.

**ഗാനം. ദിവ്യമാം തവ സന്നിധാനത്തിൽ വസിച്ചു നിരന്തരം**
**നവ്യമാം പരിപാലനം പരിപൂർണ്ണമായറിയുന്നഹം..**

**ഗാനക്വിസ് 145-ന്റെ ഉത്തരവും വിജയികളുടെ പേരുകളും;**
**ദൈവത്തിൻ പുത്രനാം ക്രിസ്തേശുവേ**
**ജീവന്റെ വചനം നല്കേണമെ..**
**രചയിതാവ്: വി.നാഗൽ**

1.M.V.Samuel-Tiruvalla
2.Omana Varghese-Jabalpur
3.Victoria George-Trichur
4.Saramma Samuel-Eraviperoor
5. T.Lilly Poulose-Secunderabad
6. Thankamma Varghese-Edayaranmula
7. Kunjamma Benny-Pathanapuram
8.Annamma Mathew-Pathanapuram
9.Mariamma Thomas-Kunnamthanam

ഗാനക്വിസ് ഉത്തരം പലരുടെയും വളരെ താമസിച്ച് ലഭിക്കുന്നതുകൊണ്ട് പലരുടെയും പേരുകൾ വിജയികളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തുവാൻ സാധിക്കുന്നില്ല. ആയതിനാൽ തുടർന്ന് 09825169406 എന്ന മൊബൈൽ നമ്പറിൽ എസ്.എം.എസ് അയക്കുകയോ,**simonpayyanur@sancharnet.in** എന്ന ഇ-മെയിൽ വിലാസത്തിൽ ഉത്തരം അയക്കുകയോ ചെയ്യാവുന്നതാണ്.

(ചീഫ് എഡിററർ)



## നിത്യതയിൽ

സഹോദരി തങ്കമ്മ മാത്യു(കൊട്ടാരക്കര) നിത്യയിൽ പ്രവേശിച്ചു. ഗാനക്വിസ് പംക്തിയിൽ സ്ഥിരമായി പങ്കുകൊണ്ടിരുന്ന ഒരു സഹോദരിയായിരുന്നു. ദുഃഖത്തിലിരിക്കുന്ന പ്രിയപ്പെട്ടവരെ ഹാപ്പിവോയ്സിന്റെ അനുശോചനം അറിയിക്കുന്നു. **(Simon Payyanur)**

വിശുദ്ധൻമാരുടെ ആത്മാക്കൾ ഈ ലോകത്ത് ഉണ്ടായിരുന്നതിനേക്കാൾ കൂടുതൽ സൗഭാഗ്യം അനുഭവിക്കാൻ പോകുന്നതുകൊണ്ട് അവരുടെ വേർപാടിൽ ദുഃഖിക്കരുത്.(സെന്റ് ഫ്രാൻസിസ് ഓഫ് അസിസി)

അനശ്വരതയുടെ മണിമന്ദിരം തുറക്കുന്ന സ്വർണ്ണതാക്കോലാണ് മരണം. (മിർട്ടൺ)

ഉത്തരേന്ത്യയിൽ നിന്നുള്ള ഒരു മലയാള ബ്രദറൺ പ്രസിദ്ധീകരണം

# Happy Voice - സന്തോഷധ്വനി



## Chief Editor:

**SIMON PAYYANUR**
Tel & Fax .02836-224763(o)
Tel:02836-226951(R)
Mobile: 9825169406.
E-mail:-
simonpayyanur@sancharnet.in

## Editors:

**P.V.JOSE** - Jaipur
Tel & Fax: 0141-2291425
mail:micaps@sify.com

**E.S.THOMAS**-Edayaranmula
Ph. 09995715708
email:
titusgilead@gmail.com

## Representatives:-

**Dubai**
M.O.Issac
00971-50-1413186

**USA**
M.Joy Joseph-Chicago
Tel- 08476374906


## Annual Subscription;-

| | |
|---|---|
| India | Rs. 50.00 |
| Gulf | Rs. 500.00 |
| USA | $ 25 |

## Please Mail :-

Articles, Letters, Subscription, Contribution to;


SIMON PAYYANUR
Happy Voice
Plot.No.147,Sector.7
Gandhidham.370201.Gujarat.
Tel & Fax:- 02836-224763 (O)
Tel:-02836-226951(R)
Mobile: 9825169406.
email:simonpayyanur@sancharnet.in


OR

SIMON PAYYANUR
A/c .NO.10316650005
IFSC Code: SBIN0000373.

## ശ്രദ്ധിക്കുക

- ഹാപ്പിവോയ്സ് എല്ലാ മാസവും ഒന്നാംതീയതി പ്രസിദ്ധീകരിക്കുന്നു.
- വരിസംഖ്യ കുടിശിഖ അയച്ചു പ്രവർത്തനത്തെ സഹായിക്കുക.
- വിലാസമാററം യഥാസമയം അറിയിക്കുക.

# Gujarat Brethren Bible Institute News

ഗുജറാത്ത് ബ്രദറൺ ബൈബിൾ ഇൻസ്റ്റിററ്യൂട്ടിന്റെ 11-ാമത് ബാച്ചി ന്റെ പ്രവർത്തനങ്ങൾ തുടരുന്നു. ബ്രദർ.ടി.സി.വർഗ്ഗീസ്-രാജസ്ഥാൻ, ബ്രദർ.ഡേവിഡ്.പി.ഐസക്ക്-രാജ്കോട്ട് തുടങ്ങിയവർ വിവിധ വിഷയങ്ങൾ പഠിപ്പിച്ചു. ദൈവജനങ്ങളുടെ പ്രാർത്ഥന ആവശ്യം.

Gujarat Brethren Bible Institute
Plot.No.147,Sector.7
Gandhidham,Kutch,Gujarat. 370201.

# ചോദ്യം

**GFTI ALL INDIA WORKERS CONFERENCE** - എന്ന പേരിൽ ഇംഗ്ളീഷ് ഭാഷ മാത്രം അറിയാവുന്ന സുവിശേഷകൻമാരെ വിളിച്ച് വിദേശത്തുള്ളവരെക്കൊണ്ട് ശുശ്രൂഷ ചെയ്യിപ്പിക്കുന്ന ജി.എഫ്.ടി.ഐ -ചെന്നൈയുടെ കോൺഫ്രൻസ് വചനപ്രകാരം ശരിയോ?(ഒരു സുവിശേഷകൻ-കേരളം)

**"ജി.എഫ്.ടി.ഐ യുടെ അഖിലഭാരത വേലക്കാരുടെ സമ്മേളനം"** എന്ന വാചകം തന്നെ വചനപ്രകാരം ശരിയല്ല. ഇത്, കർത്താവ് വിളിച്ച് വേർതിരിച്ച കർത്താവിന്റെ വേലക്കാരെ അപമാനിക്കുന്നതിനു തുല്യമാണ്. മാത്രമല്ല, ഇവിടെ വരുന്ന സുവിശേ ഷകൻമാരിൽ ഭൂരിഭാഗവും മററ് പല ഫണ്ടുകളിൽ നിന്നും സഹായം പററുന്നവരാണ്. അങ്ങനെയിരിക്കെ ജി.എഫ്.ടി.ഐ യുടെ വേലക്കാർ എന്ന പദം തികച്ചും തെററാണ്. എന്നാൽ ജി.എഫ്.ടി.ഐ സഹായിക്കുന്ന സുവിശേഷകൻമാരുടെ സമ്മേളനം എന്നു പറഞ്ഞിരുന്നുവെങ്കിൽ അതിനു മാന്യതയുണ്ടായിരുന്നു.

മാത്രമല്ല, പഴയ കാലത്തു സായ്പ്പൻമാർക്ക് വേലക്കാരുണ്ടായിരുന്നു. ആ അവസ്ഥയിലേക്കുള്ള ഒരു തിരിച്ചുപോക്കാണോ ഇത് എന്ന് പ്രതികരണശേഷി നഷ്ടപ്പെട്ടിട്ടില്ലാത്തവർ ചിന്തിക്കുന്നത് നന്നായിരിക്കും. ഇന്ത്യൻ ഗ്രാമങ്ങളിലെ സുവിശേഷീകരണത്തെക്കുറിച്ച് ഒന്നുമറിയാത്ത, അനുഭവ പരിജ്ഞാനമില്ലാത്ത വിദേശികൾ, യജമാനനുവേണ്ടി കഷ്ടങ്ങളും നഷ്ടങ്ങളും സഹിച്ച് പ്രവർത്തിക്കുന്നവരെ എന്തുനിലയിലാണ് ഉപദേശി ക്കുക. സംഘടനകളും മററും ഉപേക്ഷിച്ച് വന്നവർ വീണ്ടും സംഘടനയുടെ വേലക്കാരാകുകയാണോ എന്നു സംശയിക്കുന്നു. ഒരു വീണ്ടുവിചാരം ആവ ശ്യം.ഇന്ത്യൻ ഗ്രാമങ്ങളിലെ സുവിശേഷീകരണത്തിന് ഇംഗ്ളീഷിനെക്കാൾ സ്ഥാനം പ്രാദേശിക ഭാഷകൾക്കാണ്. ഭാഷയുടെ പേരിൽ വേലക്കാരെ രണ്ടു തരം പൗരൻമാരായി കാണുന്നത് അക്ഷന്തവ്യമായ തെററ്.

(Simon Payyanur)